## 13-ാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം
### 25.06.2013 ലെ മറുപടിക്ക്
### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3804

**ചോദ്യം** — ശ്രീ. എ.കെ.ബാലൻ

**ഉത്തരം** — ശ്രീ. കെ. എം. മാണി
ബഹുമാനപ്പെട്ട ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| നമ്പർ | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | കരാറുകാരിൽ നിന്നും മറ്റും ഈടാക്കുന്ന സെക്യൂരിറ്റി ഇനത്തിൽ സംസ്ഥാനത്തെ ട്രഷറികളിൽ നിക്ഷേപമായി ഇപ്പോൾ എന്ത് തുകയാണുള്ളത്; | സംസ്ഥാനത്ത് കരാറുകാരിൽ നിന്നും മറ്റും ഈടാക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ സംസ്ഥാനത്തെ ട്രഷറികളിൽ ഇപ്പോൾ 91,05,48,560/- രൂപയുണ്ട്. |
| (ബി) | ഈ നിക്ഷേപങ്ങൾ പിൻവലിക്കുമ്പോൾ പലിശ നൽകാറുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം പലിശയാണ് നൽകുന്നത്; | ട്രഷറി സെക്യൂരിറ്റി ഡെപ്പോസിറ്റ് അക്കൗണ്ടിലെ നിക്ഷേപങ്ങൾക്ക് 5% പലിശയാണ് നൽകി വരുന്നത്. |
| (സി) | സെക്യൂരിറ്റി നിക്ഷേപങ്ങൾ സംസ്ഥാനത്തെ ബാങ്കുകളിലടയ്ക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ? | e-tendering ബാധകമാക്കിയിട്ടുള്ള 25 ലക്ഷത്തിനു മുകളിലുള്ള ടെണ്ടറുകളുടെ EMD ബാങ്കുകളുടെ ഓൺലൈൻ പേ-മെന്റ് ഗേറ്റ് വേ യിലൂടെ അടയ്ക്കുന്നതിനും, ടെന്റർ സ്വീകരിച്ച ശേഷം തൊട്ടടുത്ത ദിവസം തന്നെ ഈ തുക ട്രഷറിയിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനും താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>1. ജി.ഒ.(പി) നമ്പർ; 15/2013/ഫിൻ, തീയതി 07-01-2013<br>2. ജി.ഒ.(പി) നമ്പർ; 96/2013/ഫിൻ, തീയതി 19-02-2013<br>(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) |
| (ഡി) | ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ? | ഓൺലൈൻ വഴി ടെണ്ടർ സമർപ്പിക്കുന്നതിലൂടെ ടെണ്ടറിൽ പങ്കെടുക്കുന്നവരെ സംബന്ധിച്ചുള്ള രഹസ്യ സ്വഭാവം നിലനിർത്തുന്നതിന് സാധിക്കുന്നു.<br>അതോടൊപ്പം ഉപഭോക്താവിന് ഓൺലൈനായി പണം അടയ്ക്കുന്നതിനും സ്വീകരിക്കപ്പെടാത്ത ടെണ്ടറുകളുടെ EMD തൊട്ടടുത്ത ദിവസം തന്നെ കരാറുകാരുടെ അക്കൗണ്ടിലേക്ക് തിരികെ നൽകുന്നതിനും ഇതു മൂലം സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ